# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1113 12/07/2016-ൽ മറുപടിയ്ക്ക്**

"ചെറുതോണി ബസ് ടെർമിനൽ കം അഗ്രോമാർക്കറ്റ് പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ നടപടി"

| ചോദ്യം<br>(ശ്രീ.റോഷി അഗസ്റ്റിൻ) | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചെറുതോണി ബസ് ടെർമിനൽ കം അഗ്രോമാർക്കറ്റ് പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | ചെറുതോണി ബസ് ടെർമിനൽ കം അഗ്രോമാർക്കറ്റിന്റെ നിർമ്മാണ ചുമതല കിറ്റ്കോയെ ഏൽപ്പിയ്ക്കുകയും കിറ്റ്കോയുമായി ജില്ലാ പഞ്ചായത്ത് എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി കിറ്റ്കോ ബസ് ടെർമിനലിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി യിട്ടുണ്ട്. |
| (ബി) | നടപ്പുസാമ്പത്തികവർഷം പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | തുക നീക്കിവച്ചിട്ടില്ല. |
| (സി) | കഴിഞ്ഞ എസ്.ഡി.ജി.യിൽ ഈ പദ്ധതിക്ക് വേണ്ടി എത്ര തുകയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര തുക ചെലവഴിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ' | (സി) | 8 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിൽ 6838290/- രൂപയുടെ ആദ്യഗഡു കിറ്റ്കോയ്ക്ക് നൽകുന്നതിന് അലോട്ട്മെന്റ് ഇല്ലാ എന്ന കാരണത്താൽ ട്രഷറിയിൽ നിന്നും തുക മാറി നല്കുവാൻ സാധിച്ചിട്ടില്ല. |
| (ഡി) | പുതിയ എസ്.ഡി.ജി.യിൽ ചെറുതോണി ബസ് ടെർമിനൽ കം അഗ്രോമാർക്കറ്റ് പദ്ധതിക്ക് എത്ര തുക ഉൾപ്പെടുത്തി യിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | **2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ ടി പ്രവർത്തിയ്ക്ക് ന്യൂ സർവ്വീസ് പ്രപ്പോസൽ ആയി ട്ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.** |
| (ഇ) | പ്രസ്തുത പ്രദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ? | (ഇ) | **സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ